മണത്താളുകൾ

ചങ്ങമ്പുഴ

മഞ്ഞക്കിളികൾ

MANJAKKILIKAL

[POEMS]

By

CHANGAMPUZHA KRISHNA PILLAI M. A.

Second Impression—February, 1961
One Thousand Copies

Publishers :
THE MANGALODAYAM (Private) LTD.,
TRICHUR.

മഞ്ഞക്കിളികൾ

18
15929

ഗ്രന്ഥകർത്താ:

ചങ്ങമ്പുഴ കൃഷ്ണപിള്ള എം. ഏ.
ഇടപ്പള്ളി

പ്രസാധകന്മാർ:
മംഗളോദയം (പ്രൈവററ്) ലിമിററഡ്,
തൃശ്ശിവപേരൂർ.

First Impression in Dhanu, — 1124 Copies 1000
Reprinted in Makaram, — 1136 Copies 1000

All rights reserved by
Mrs. SREEDEVI CHANGAMPUZHA
"Sree Devi Mandiram"
EDAPPALLY.
(N. Travancore)

Price:
RUPEE ONE

Printed at
The Mangalodayam Press,
Trichur.

കവിതകൾ

1. പ്രാർത്ഥന
2. പുഷ്പഗിരി
3. ഏകാഭിലാഷം
4. അരിപ്പിറാവ്
5. ലോകം
6. യോദ്ധാവിന്റെ സ്വപ്നങ്ങൾ
7. മനുഷ്യന്റെ മനസ്സ്
8. പാതിരാച്ചന്ദ്രൻ
9. പ്രേമസിന്ധു
10. ആരാധകൻ
11. മോഹിനി
12. വഞ്ചകി
13. മരിച്ചിട്ട്
14. അശ്വാശനം
15. മാവിന്റെ മുമ്പിൽ
16. രാഗനൈരാശ്യം
17. അപേക്ഷ
18. സല്ലാപം
19. അജ്ഞാതപ്രണയം
20. എന്റെ പ്രേമം
21. എന്റെ ഹൃദയം
22. കുരുവിക്കുഞ്ഞിനോട്
23. ഹൃദയപുഷ്പം
24. വാർദ്ധക്യം വന്നാൽ
25. അറിയുന്നതെങ്ങനെ?
26. വർഷാഗമം
27. കാട്ടുവാതത്തിന്റെ കരച്ചിൽ
28. ഏകാന്തവാപി
29. ഹിമസ്നാനം
30. ശങ്ക തോന്നിടാ
31. എന്റെ കൌശലം
32. പ്രഭാതത്തിൽ
33. അനുഭവം
34. പുകച്ചുരുൾ
35. ഓർത്തിരിക്കാതെ
36. മൈതാനത്തിൽ
37. ഫലിക്കാത്ത ആശ
38. കെട്ടുപിണഞ്ഞ ചിന്തകൾ
39. ശുദ്ധശപഥം
40. ഉഷസ്സിൽ
41. അല്ല
42. വെറുപ്പ്
43. ബകരോദനത്താൽ
44. ദ്രവിപ്പൂ ചിത്തം
45. എന്റെ കൈയ്യുറകൾ
46. ശുചീകരണം
47. ലി ലിൻഗ്
48. ലി ഹ്യൂ-ജെൻ
49. വെള്ളപ്പൊക്കം
50. പുതിയ ധാന്യം
51. മധുരചിത്രങ്ങളിൽ
52. പർവ്വതാരോഹണവേളയിൽ
53. കപ്പലിൽ
54. ഒരു വിലാപം

3988
3366

പ്രാർത്ഥന

മംഗളം 'നിപ്പൺ' സിംഹാ-
സനമേ, ജയിക്ക നീ
ഞങ്ങൾതൻ പുരാതന-
രാഷ്ട്രത്തിൻ നടുത്തൂണേ!

ഇനിയും ചിരകാല-
മിതുപോലല്പംപോലു-
മിടറാ,തിളകാതെ,
വെൽക വെൽക നീ മേന്മേൽ!—

കേവലമിതുമാത്ര-
മാകാവൂ ശേഷിച്ചൊരെൻ
ജീവിതത്തിലും, ഹാ, മൽ-
പ്രാർത്ഥന, ഭഗവാനേ!!

—മെയ് ജി. ടെന്നോ.

പുഷ്പഗിരി

എങ്ങു പോകിലും
പൂവണിച്ചെണ്ടുകൾ
തിങ്ങിനില്പത-
ല്ലാതെ മററൊന്നുമേ

ലേശമെങ്കിലും
കാണാതിരിക്കുകിൽ
"യോശിനോമല"-
യാണതെന്നോൎക്കുവിൻ!

—അജ്ഞാതനാമാ.

ഏകാഭിലാഷം

വിണ്ണുപഥത്തിലേയ്ക്കന്തസ്സിലങ്ങനെ
കൃഷ്ണപ്പരുന്തു പറന്നുയരുന്നപോൽ

നിന്ദ്യമാമെന്തിനും മീതെയായ് 'നിപ്പൺ'ന്റെ
വന്ദ്യമഹിമ വിലസട്ടെ മേൽക്കുമേൽ!

എന്നുമേ നൂനമീയാശയൊന്നല്ലാതെ
മന്നിതിൽ ഞങ്ങൾക്കു മററില്ലൊരാഗ്രഹം.

—ഹിറോ ഹിറോ.

അരിപ്പിറാവ്

പാദങ്ങൾ തത്തിപ്പറമ്പിലെങ്ങും
പാറിനടക്കുമരിപ്പിറാവേ!

പാവത്തം തോന്നിപ്പോം മാതിരിയിൽ
പാരം ചടച്ചോരരിപ്പിറാവേ!

ഉള്ളലിയും മാറുഴന്നുപോകും
തള്ളയില്ലാത്തോരരിപ്പിറാവേ!

വാ, വാ, നീയെൻകുഞ്ഞരിപ്പിറാവേ!
വാ, വാ, നീയെൻപൊന്നരിപ്പിറാവേ!

നമ്മൾക്കൊരുമിച്ചിരുന്നിവിടെ
നന്മമധുരമായ്ക്കേളിയാടാം!

—അജ്ഞാതനാമാ.

ലോകം

പ്രേമാരി വാരിക്കോരി-
ച്ചൊരിയുംനേരം, സ്വൈരം
താമസിക്കുവാൻ തക്ക
താവളം, സ്വല്പം നേരം—

അതുതാനീ നാം വാഴു-
മുലകം!—ഞൊടിക്കകം
സ്മിതപൂർവ്വകം ചൊൽവൂ
യാത്ര നാം നമോവാകം!

—യോഗി.

യോദ്ധാവിന്റെ സ്വപ്നങ്ങൾ

ഊഷ്മാവുയർന്നൊരീ-
ഞ്ഞുജ്ജ്വലിച്ചീടുമ-
ഗ്രീഷ്മത്തിലെത്തളിർ-
പ്പുൽക്കൊടിച്ചാർത്തുപോൽ,

വേരററു വീഴുന്നു,
വാടുന്നു, മായുന്നു
പോരാളിവീരന്റെ
പൊന്നിൻകിനാവുകൾ!

നീരിൽ വരച്ച
വരകളായ്ത്തീരുന്നു
പാരിലവനാർന്ന
പേരും പെരുമയും!!........

—അജ്ഞാതനാമാ.

മനുഷ്യന്റെ മനസ്സ്

അല്ലാ—മാനവനെക്കുറിച്ചു പറയാ-
　　നാണെങ്കി,ലാക്കായിട്ടും

ചൊല്ലിടാൻ, പിഴ പററിടാ,തുലകിലി-
　　ന്നെന്തെന്നവൻതന്മനം?

ചൊല്ലാളുന്ന പുരാതനത്വമെഴുമി-
　　ഗ്രാമത്തിൽ മാററം പെടാ-

തല്ലീ, പെയ്യുവതി,ന്നതേ പരിമളം
　　പൂവിട്ട തൈച്ചെമ്പകം?

—സുരയ്യകി.

പാതിരാച്ചന്ദ്രൻ

വെൺതിങ്കൾ വളരും
പയിൻമരച്ചാർത്തുകൾ
തിങ്ങുമിക്കാടിനു പിന്നിൽ;
പാതിരാപ്പേമാരി
മുക്കിക്കുളിപ്പിച്ച
പച്ചിലച്ചാർത്തിൻ പഴുതിൽ;
ദൃശ്യമാകുന്നി–
തിഴഞ്ഞിഴഞ്ഞെത്തുന്ന
വശ്യസുധാകരബിംബം!

—അജ്ഞാതനാമാ

പ്രേമസിന്ധു

'സ്വര'സരിത്തിലെത്തരംഗമാലയി-
ലൊരു വെറും കൊച്ചുകൊതുമ്പുതോണിയിൽ,

അമരം കൈവിട്ട ചകിതനായ്, തനി-
ച്ചതാ ഗമിപ്പിതൊരവശനാവികൻ!

അത്തുവിധം, കഷ്ടം, പ്രണയസിന്ധുവൊ-
ന്നലയടിച്ചിങ്ങു കിടപ്പിതെന്നുന്നിൽ!

അസീമമാമതിൻ വിശാലതയ്ക്കക-
ത്തമർന്നിടുന്നുണ്ടെന്നഭയസൈകതം.

അറിവതില്ല ഞാനെവിടെയാണതെ-
ന്നരുതെനിയ്ക്കുന്നാലകന്നൊഴിയുവാൻ!

ഗഭീരസാഗരമിതിൻ സ്വഭാവവും
ഗഹനമാമൊന്നുമറിഞ്ഞുകൂട മേ!!........

—സോനേ യോഷീറാഡം.

ആരാധകൻ

മാറിയകല്ലുവിൻ, മാറിയകല്ലുവിൻ
മാറിയകല്ലുവിൻ കൂട്ടുകാരേ!

അഞ്ജലിചെയ്തിടട്ടൊററയ്ക്കിരുന്നു ഞാ–
നന്തിയാവോളമിത്താരുകളെ!!

— അജ്ഞാതനാമാ.

മോഹിനി

"കാണ്മു ഞാൻ പാട"ത്തിരച്ചാർത്തൊഴുകുന്ന
"കാൺകെ ഞാൻ പൂഞ്ചോല" ലാലസിപ്പൂ!—
ചേണാർന്നെൻകണ്ണിനാ ലാവണ്യലക്ഷ്മിയെ-
ക്കാണാൻ കഴിയുകില്ലെന്നിരിക്കിൽ,
സന്തതം പിന്നെയവളെക്കൊതിക്കുവ-
തെന്തിനാണയ്യോ, ഞാനിത്രമാത്രം?

—ചൂനാഗൻ കനാസൂകെ.

വഞ്ചകി

"വന്നിടാമൊററനി-
　　മേഷത്തിനുള്ളിൽ ഞാൻ!"—
എന്നവൾ ചൊന്നതു മൂലം;

ഒററയ്ക്കൊരുനീണ്ട
　　മാസം മുഴുവനും
മുററത്തു കാത്തു ഞാൻ നിന്നു!—

കാലത്തു നേരത്തു
　　ചന്ദ്രനുദിക്കുന്നോ
കാലംവരെ,ക്കാത്തു നിന്നു!—

—സോമേന്ദ്രയ് ഘോഷി.

മരിച്ചിട്ട്

അവസാനയാത്രയെൻ
ഭവനത്തോടോതി ഞാ-
നവനിയിൽനിന്നും മറഞ്ഞാൽ—

മരണാസിതാംബരം
മറയിട്ട മജ്ജഡം
മണലിലടിഞ്ഞു കഴിഞ്ഞാൽ—

തിരികൊളുത്താൻപോലു-
മാളില്ലാതെൻഗൃഹം
തിമിരത്തിലാണ്ടു കിടന്നാൽ—

പനയോലമേഞ്ഞൊരെൻ
നിലയത്തിൻ നികടത്തിൽ
പരിലസിക്കുന്ന തൈമാവേ,

മധുമാസമണയുമ്പോൾ
മണൽമുററത്തൊരുനാളും
മലരിടാൻ നീ മറക്കൊല്ലേ!!........

—സൂഗാവര മിച്ചിസാനെ.

അശ്വാസനം

ആ മലയിൽപ്പൂപ്പച്ചെത്തി
　　നിന്നിടുന്ന ബാലാ
അരുതു ചെത്തരുതവിടെ നി-
　　ന്നേവ,മവിടെ നിൽക്കമല്ലൂൽകൾ.

ഹൃദ്രമനെൻ ജീവനാഥ-
　　നദ്രസമിങ്ങെത്തും:
ഭദ്രമദ്രിയിലെത്തുണാവലി
　　മററിനിൽക്കണമെങ്ങും.

നീളെ നീളെക്കൺകുളിക്കെ
　　നിൽക്കണമതെങ്ങും
നിജനിരുപമതുരഗകത്തിനൊ-
　　രമൃതഭക്ഷണമാകാൻ!

—കോക്കിനോമോട്ടോ
നോ ഹിറോമാറോ.

മാവിന്റെ മുമ്പിൽ

നിയതമവിടത്തിലാ-
ക്കൽപ്പുരച്ചാർത്തിന്റെ
നികടഭുവി നിൽക്കുന്ന
തുംഗമാകന്ദമേ,

കുസുമിതസുശീഷ്സു-
സ്മേരനാം നിൻനേർക്കു
കുതുകഭരമോടു ഞാൻ
നോക്കുന്ന വേളയിൽ

മനസി മമ തോന്നുന്നു,
ഹാ, വൃദ്ധികന്മാരെ
മഹിയിൽ, മമ മുന്നിൽ ഞാൻ
കാണുന്ന മാതിരി!

—ഹാ കുതുകം.

രാഗനൈരാശ്യം

ഭൂതലത്തിങ്കലെൻ വാഴ്വു തൊട്ടിന്നിമേൽ
ജാതരാം മർത്ത്യരിലാക്ഷമാക്കും,

പെൺകൊടിമാരെയിണക്കി, യനുരാഗ-
മങ്കുരിപ്പിക്കുവാനുള്ള മാർഗ്ഗം,

ഞാനാശ്രയിച്ചമട്ടല്ലെന്നൊരിക്കലും
പൂണുവാൻ ദുർവ്വിധി കൈവരൊല്ലേ!

— കോക്കിനോമോട്ടോ
നോ ഹിറോമാരോ.

അപേക്ഷ

പൂപോലെയത്രയ്ക്കു നനുത്തതാണെൻ
സഹോദരൻ മെയ്യിലണിഞ്ഞ വസ്ത്രം
വീടെത്തിടട്ടൊന്നവ,നാകയാൽ നീ
വീശായ്ക കാററേ ബഹുശക്തിയായി!

—സകാനോ യേ പ്രപേ.

സല്ലാപം

'ഇന്നാമി' മൈതാനതലത്തിൽ മുററും
വനാളിവെള്ളിപ്പുഴയിങ്കൽ മുക്കി,
അനല്പഭാസ്സാൻ സുധാംശു വിണ്ണി-
ലണഞ്ഞൊരീ രാത്രിയിലാത്തമോദം;

പരസ്പരം പ്രേമരസം പകർന്നും
പരശ്ശതം നമ്മവചസ്സു ചൊന്നും,
പുരസ്കൃതത്തിങ്ങനെ ക്ലൂട്ടുകല്പി
വരാംഗി, രാഗാർദ്രഹൃദന്തർ നമ്മൾ?........

—അജ്ഞാതനാമാ.

അജ്ഞാതപ്രണയം

ഊഷ്മാവുയർന്നെങ്ങുമുലാവുമ-
ഗ്രീഷ്മപ്രതപ്തമാം മൈതാനഭൂമിയിൽ,
വല്ലിപ്പടപ്പുകൾക്കുള്ളിൽ വളരുമ-
ച്ചെല്ലക്കുളിർച്ചെങ്ങഴിനീർമലരുപോൽ,
അത്രയ്ക്കനുശോച്യമാമൊരു വസ്തുവാ-
ണജ്ഞാതമാകും പ്രണയമെന്നോർക്കുവിൻ!

—സകാനോ യേ പ്രഭചി.

ദൂരെ,പ്പരിഷ്കാരം തൊട്ടുതേച്ചിട്ടില്ലാ-
ത്തീരാജ്യത്തേവം, കടൽക്കരയിൽ,
മുക്കുവന്മാർതൻ വലക്കയർക്കെട്ടുകൾ
മുക്കിയലമ്പിത്തെറുത്തുകെട്ടി,
ഏകനായ്ക്കാലം കഴിക്കുവാൻ യോഗമു-
ണ്ടാകുമെന്നയ്യോ ഞാനോർത്തിരുന്നോ?

—ഓനോ നോ തക്കാമുരാ.

എന്റെ പ്രേമം

ദുർഗ്ഗമാദ്രിയിൽ ശുദ്ധമായ് നില്ക്കും
ശഷ്പരാശിപോലാണു മൽപ്രേമം

എത്ര മുററിത്തഴച്ചുയർന്നാലെ-
ന്തിത്തിരിയുമറിയുകില്ലാരും!

—ഓനോ നോ യോഷികി.

എന്റെ ഹൃദയം

"എത്ര സുന്ദരനപ്പൂമാ!" നീവിധ-
മുദ്രസം ചിന്തചെയ്യുമെൻ മാനസം,

ആഞ്ഞു മുന്നോട്ടിരച്ചാർത്തതിദ്രുതം
പാഞ്ഞുപോകുമൊരു നദിപോലെയാം;

എത്രയെത്ര ചിറകെട്ടു തീർക്കിലെ-
ന്തൊക്കെയും തച്ചുടച്ചു മുന്നോട്ടു പോം!

—സകാനോ യേ പ്രഭേ.

കുരുവിക്കുഞ്ഞിനോട്

കലിതരസം പാറി-
പ്പറന്നു വന്നെൻ-
മലരുകളിൽത്തത്തുന്നൊ-
രീച്ചകളേ,

അയി, കുരുവിക്കുഞ്ഞേ, നീ
മത്സ്പൃഹത്തേ,
ദയവിയല്വ,കിങ്ങനെ
തിന്നരുതേ!

—ബാഷോ.

ഹൃദയപുഷ്പം

പുറമേ നോക്കുകിൽ ചിഹ്ന-
മൊരു ലേശവുമെന്നിയേ
കരിയും വസ്തുവീ മന്നിൽ
നരൻതൻ ചിത്തപുഷ്പമാം!

—ഓദനോ നോ യോമാച്ചി.

വാൎദ്ധക്യം വന്നാൽ

കേൾക്കണം വരുന്നുണ്ടു
    വാൎദ്ധക്യമെ,ന്നെന്നാലൊ-
രാൾക്കുടൻ മുറിവാതിൽ
    ഭദ്രമായ്ത്തട്ടിപ്പൂട്ടി,

ഇരിക്കാ,മന്വേഷിച്ചാൽ
    വീട്ടിലില്ലിപ്പോഴെന്നാ-
യുരയ്ക്കാ,മേവം കാണാ-
    തിരിക്കാ,മെല്ലാമൊക്കും!

—അജ്ഞാതനാമാ.

പഴയൊരപ്പടനിലമഴകിൽ വീണ്ടും
പല പുൽക്കൾ വസന്തത്തിലണഞ്ഞു നിൽപ്പൂ.

ഇരുപതിനായിരം രണകുശലർ
നിരുപമപരാക്രമമിയന്ന യോധർ,

ഒരുമിച്ചന്നോമനിച്ച മധുരസ്വപ്നം
ശരി,യതു മുഴുവനും മണ്ണടിഞ്ഞു.

അവരിന്നില്ലവരുടെ കിനാവിലല്ല-
മവശേഷിച്ചിരിപ്പതീപ്പുൽക്കൾമാത്രം!

—ബാഷോ.

അറിയുന്നതെങ്ങനെ?

കേൾക്കാൻ കൊതിച്ചപോംമട്ടിൽ—ഏവം
രാപ്പാടി പാടാതിരിക്കിൽ,

വെയ്‌ലേററു മഞ്ഞുരുകാതെ—നിൽക്കും
ശൈലാവകീർണ്ണമിഗ്രാമം,

എമ്മട്ടറിയും വസന്തം—ഇങ്ങു
വന്നുല്ലസിക്കുമുദന്തം?

—നകാതസുകാസ.

വർഷാഗമം

‘സ്ത്ര’രാജ്യത്തിൽത്തഴച്ചുപിടിച്ച
കോരപ്പുല്ലുകൾ ചുററിലും മുററി,

ചേലിയന്നതിൻ ചാത്തിൽ മറഞ്ഞു
ലാലസിക്കമെൻ വീടിതിൽപോലും,

ഇന്നൊട്ടവി,ലിതാ, പിഴയെന്യേ
വന്നചേൻറ കൊട്ടം ശീതകാലം!

—മിനാമോട്ടോ നോ ഷിഗേയുകി.

അതിലേ പോകുംനേര-
ത്തെൻപ്രതിബിംബം നോക്കി-
യവിടെക്കണ്ണാടിതൻമുന്നിൽ
ഞാൻ നിന്നേനല്പം.

ഹാ, കഷ്ടം! പരിചയ-
മില്ലല്ലോ വയോധിക-
നേകനാ,ണൊരു മർത്ത്യൻ
തോന്നിപ്പോയെനിക്കേവം!

—കോക്കിനോ മോട്ടോ
നോ ഹിറോ മാറോ.

കാട്ടുവാത്തിന്റെ കരച്ചിൽ

അവിടെയുമധിയിങ്കൽച്ചെന്നുപററാനസംഖ്യം
ലവണസരണിയിങ്കൽക്കൂടിയെൻ തോണി പോകെ,
ചെവികളിലണയുന്നൂ നേത്തൂനേ,ത്താദ്യമായി–
ട്ടവിടമധിവസിക്കും കാട്ടുവാത്തിൻ വിലാപം.

—സായ്ഗ്യോ ഹോഷി.

ഏകാന്തവാപി

ലോകാരംഭംമുതൽശ്ശാന്തമായെന്നപോ-
ലേകാന്തവാപിയൊന്നുല്ലസിപ്പൂ.

ഇല്ലൊരനക്കവുമൊച്ചയും—യാതൊന്നു-
മില്ല, തുറക്കമാം ഭദ്രമായി!

മന്ദമിടയ്ക്കൊരിളക്കമതാ, കൊച്ചു-
മണ്ഡൂകമൊന്നതിൽ ചാടിവീണു.

—ബാഷോ.

ഹിമസ്നാനം

എമ്പൊന്നനുജത്തിക്കായ് മുകൾക്കൊമ്പിലെ-
ച്ചെമ്പകപ്പൂക്കൾ പറിച്ചെടുക്കേ,
താഴത്തെച്ചില്ലകൾ ചാഞ്ഞുലഞ്ഞങ്ങനെ
വീഴുന്ന മഞ്ഞുനീർത്തുള്ളികളാൽ,

മുങ്ങിക്കുളിച്ചിതടിമുടി, ഞാൻ, തണു-
ത്തംഗങ്ങളെല്ലാം വിറച്ചുനിൽപ്പൂ!

—കോക്കിനോ മോട്ടോ
നോ ഹിറോറാ മാറോ.

ശങ്കതോന്നിടാ

ചീകീടേ മോദപൂർവ്വം നീ
ത്തുകും നാദം ശ്രവിക്കവേ,
ചാകും നീയുടനെന്നാർക്കും
ലോകത്തിൽ ശങ്ക തോന്നിടാ.

—ബാഷോ.

എന്റെ കൌശലം

അല്ലിൽപ്പടിപ്പുരവാതിൽക്കലെത്തുവാൻ
വല്ലതും സൂത്രമൊന്നെന്തെടുപ്പൂ?

"ചേലിൽ മുളകളാൽ മുററത്തു നിർമ്മിച്ച
വേലി ഞാൻ ചെന്നൊന്നു നോക്കിടട്ടേ!"

ഏവം കഥിച്ചെഴുന്നേററു ഞാനങ്കണ-
ഭുവിലേയ്ക്കുകയായാഗമിച്ചു.

ഞാനേവം തന്ത്രം പ്രയോഗിച്ചതെന്നാലെൻ
പ്രാണേശനെക്കാണാനായിരുന്നു!

—യാക്കമോച്ചി.

പ്രഭാതത്തിൽ

മധുരതരസ്വപ്നശതത്തിൽനിന്നും
മണിനിനദമെന്നെ വിളിച്ചുണർത്തി,
അതിനൊടടിടചേർന്നു ഞാൻ പത്തു വട്ട-
മഖിലേശനാമം സ്തുതിച്ചു ചൊല്ലി!

—സായ്ഗ്യോ—ഹോഷി.

അനുഭവം

ഇലപൊഴിയും കാലത്തി-
ലെമ്മട്ടിലൊററയ്ക്കാ
മല കയറാനൊക്കും
നിനക്കു?—ചൊല്ലൂ!
ഒരുദിനമന്നിരുവർനാ-
മൊരുമിച്ചു പോയിട്ടും
പെരുത്തു പണിയെന്നു
നാം കണ്ടതല്ലേ?

—ദായ്ഹാക്കു രാജകുമാരി.

പുകച്ചുരുളുകൾ

"നാവാ"തീരേ ലവണദഘനാധ്മാന-
കുണ്ഡങ്ങൾ ചിന്നി-
ത്താവും ധൂമച്ചുരുളുകളുയർന്നന്ത്യ-
സന്ധ്യാഗമത്തിൽ,
ആവുംമട്ടിൽത്തൂനികിലുമിഴഞ്ഞപ്പു-
റം ചെന്നപാറാ-
നാവാതങ്ങിങ്ങുഴറിയഴകാന്ദ്രി-
യിൽത്തങ്ങിനിൽപ്പൂ!

—ഫിയോക്കിനോ കോ — ഓക്കിമ.

ഓർത്തിരിക്കാതെ

പഥികർ നടന്നു കടന്നുപോകും
പരിചിയലുന്നോരക്കാഴ്ച കാണാൻ
വഴിവക്കിൽ നിൽക്കും കറുകവല്ലി
വഴിയും രസത്തോടൊന്നെത്തിനോക്കി.
കഴിവെന്നതിലേ കടന്നുപോയ
കഴുതയതിനെ വയററിലാക്കി.

—ബാഷോ.

മൈതാനത്തിൽ

കാസുഗാമൈതാനഭൂവിലുയർന്നതാ
കാണുന്നു നീളെപ്പൂകച്ചുരുൾച്ചാർത്തുകൾ,

ശ്രീലചൈത്രാങ്കിതമൈതാനവീഥിയിൽ-
ച്ചേലിൽപ്പൊടിച്ച ഹരിതകത്തയ്യുകൾ,

ഇല്ല മേ സംശയം, നാരിമാർ പോയ്പ്പറി-
ച്ചെല്ലാമെടുത്തു പ ചിക്കുകയാകണം!

—കോക്കിനോ മോട്ടോ
നോ ഹിറോറോ മാറോ.

ഫലിക്കാത്ത ആശ

കൊണ്ടാടി നമ്മളൊരുമിച്ചൊരു പൊൻകിനാവിൽ
കണ്ടെത്തുമെന്നു കരളിൽ കൊതിയാർന്ന മൂലം,
ഇണ്ടൽപ്പെടാനുമിടയായിതുറക്കമെന്നൊ-
ന്നുണ്ടായിടാതെ നിശ ഞാൻ, സഖി, തള്ളിനീക്കി!

—അജ്ഞാതനാമാ.

കെട്ടുപിണഞ്ഞ ചിന്തകൾ

ഉന്നിങ്കലാ നിർമ്മലരാഗമെന്നും
നിന്നീടുമെന്നെങ്ങനെ നിശ്ചയിക്കാം
ഒന്നായ്പ്പിണഞ്ഞെൻ മുടിപോലെയിന്നു
ചിന്നിക്കിടപ്പൂ, മമ ചിന്തയെല്ലാം!

—ഹോറിക്കാവാ പ്രഭ്വി.

ഗൂഢശപഥം

ഈ വിശ്വം വേണ്ടെനിക്കീനിമേഷത്തിലെൻ
ജീവിതനൂലിഴ പൊട്ടിയെങ്കിൽ!—

എൻകരൾക്കാമ്പിൻ നിഗൂഢശപഥമൊ-
ന്നെങ്കി,ലനുക്തമായ് മേവിയേനേ!

—ഷോക്ക രാജകുമാരി.

ഉഷസ്സിൽ

കതിർനിരകളങ്ങനെ പാകിപ്പാകി
കനകലസൽക്കാല്യമണഞ്ഞിടുമ്പോൾ,

തുകിലണിവാനന്യോന്യം നമ്മൾ ചെയ്യും
തുണയതഹോ, ചിന്തിക്കിലെത്ര കഷ്ടം!

—അജ്ഞാതനാമാ.

അല്ല

യാഥാർത്ഥ്യമൊന്നും യഥാർത്ഥമല്ലെന്നുള്ള
ബോധമെനിക്കു ശരിക്കുമുണ്ടാകയാൽ,

സ്വപ്നങ്ങൾ പിന്നെയൊന്നെമ്മട്ടതേവിധം
സ്വപ്നങ്ങളാണെന്നു സമ്മതിക്കുന്നു ഞാൻ!

—സായ്ഗ്യോ ഹോഷി.

വെറുപ്പ്

പകൽ വേഗം പോകു–
    മറിയാമെനിക്കുടൻ
പകരമാ നിശ വീണ്ടും
    വന്നുചേരും........

എന്നാലുമെത്ര വെറു–
    ക്കുന്നു പോകുവാ–
നെന്നോടരുളീടു–
    മുഷസ്സിനെ ഞാൻ!

—ഹൃജിവാരാനോ മിച്ചിനോബു.

ബകരോദനത്താൽ

ചേറാളും വയലിൻ വരമ്പിൽ നിയതം
ധ്യാനത്തിൽ നിമ്മഗ്നനാ-
യാരാൽക്കണ്ണുമടച്ചിരുന്നിടുമൊരാ-
ക്കൊക്കൊന്നു കേണീടവേ;
പാരം ഭീതിയിൽ മററു പക്ഷികളഹോ
ഞെട്ടിത്തെറിച്ചൊ,ക്കെയും
തീരെത്താന്തതയാർന്ന മട്ടു നിതരാം
വഷിപ്പൂ ദീനസ്വനം!

—അജ്ഞാതനാമാ.

ദ്രവിച്ച ചിത്തം

അസ്സൌരഭാർദ്രമാം ചെമ്പകച്ചോട്ടിലെ-
ന്നുത്സവം ഞങ്ങളന്നാസ്വദിച്ചു!

ആ മധുരസ്മൃതിയോരോന്നണഞ്ഞു മൽ-
പ്രേമാർദ്രചിത്തം ത്രസിച്ചുനിൽക്കേ;

അച്ചെമ്പകത്തോടു ചോദിച്ചുപോയി ഞാ-
നച്ചാരുഗാത്രിതൻ വർത്തമാനം!

ഓതുന്നതെന്തു ഞാൻ?....ഹാ, കഷ്ടം, വാസന്ത-
ശീതേന്ദുബിംബം........ദ്രവിച്ച ചിത്തം!

—ഫ്യൂജിവാര ഇഎയ് താക്കാ.

എൻെറ കൈയ്യുറകൾ

ആരും കണ്ടെത്തിടാതാരുമറിഞ്ഞിടാ-
താരാലാ വാരാശിതൻപരപ്പിൽ,

കേവലം ശാന്തമായ് വേലിയേററം വിട്ടു
മേവുമ്പോൾപ്പോലും ജലാന്തരത്തിൽ

താണുകിടക്കുമൊരു കൊടുംകാററുപോ-
ലാണു ഞാൻ ചാർത്തുമെൻ കൈയ്യുറകൾ.

ഒററ നിമേഷത്തിലെങ്കിലും, ഹാ, ജലം
വററിയതൊട്ടുമണഞ്ഞുകില്ല!

—സാനുകി പ്രഭ്വി.

ശുചീകരണം

ആവതും വേഗം തുടച്ച്യായി–
ട്ടാപതിക്കും ഹിമധാരകളേ,
ഹാ, ശുചിയാക്കിടട്ടത്രയേറെ
ക്ലേശം പുരണ്ടൊരിജ്ജീവിതം ഞാൻ!

—ബാഷോ.

ലി ലിൻഗ്

പതിനായിരം കാതം മണൽക്കാട്ടു താണ്ടി–
പ്പതറാതെ, തളരാതെയിവിടെ ഞാനെത്തി!
പരിചിലെൻതമ്പുരാനെജ്ജയമാല ചാർത്തി–
പ്പുലള്ളുണപ്പരിഷയെപ്പറപ്പിക്കാൻവേണ്ടി!
വഴിയില്ല പോകാനിനിച്ചോരിമണ്ണുമുററി
വഴിത്താര മുഴവനും വഷളായിപ്പോയി!
ഒരുപോലെന്നമ്പും വാളും നുറുനുറുങ്ങായി
വിരവിലെൻ സേനകളും വീടുകളിൽ പററി!
ഞാനില്ല വരുന്നില്ലെൻ ഖ്യാതിയൊക്കെപ്പോയി
ഞാനില്ല വരുന്നില്ലെൻ ഖ്യാതിയൊക്കെപ്പോയി!

*   *   *   *

എന്നമ്മ മരിച്ചിട്ടിന്നേറെ നാളായി
ഇന്നെന്റെ വീട്ടിലോ ഞാനേകനായി
എന്നോമൽത്തമ്പുരാനൊരാശ്വാസമേകാൻ
ചെന്നാലൊക്കുമെന്നോർക്കെക്കൊതിയുണ്ടു പോകാൻ
എന്നാലെമ്മട്ടിലൊന്നു പോകുവാൻ കഴിയും
എന്നെന്നുമിനിത്തനിച്ചിവിടെ ഞാൻ കഴിയും!

[ലി ലിൻഗ്ഗു, സുവു – ഇവർ രണ്ടുപേരും ഹൂണന്മാരുടെ രാജ്യത്തിൽ തടവുകാരായിക്കിടക്കുകയായിരുന്നു. പത്തൊമ്പതു കൊല്ലത്തിനുശേഷം സുവു വിമുക്തനായി. ലി ലിൻഗ് അയാളോടൊന്നിച്ചു തിരിച്ചുപോവുകയില്ല. അങ്ങിനെ ചെയ്യുവാൻ ക്ഷണിച്ചപ്പോൾ അയാൾ എഴുന്നേററു നൃത്തംവെച്ചുകൊണ്ടു് ഇങ്ങനെ പാടി.]

ലി ഫ്യൂ-ജെൻ

കഷ്ടം, നിലച്ചുകഴിഞ്ഞിതെന്നോമലിൻ
പട്ടാംബരസ്വരചഞ്ചലവീചികൾ!
അച്ഛസ്ഫടികശിലാനിർമ്മിതോജ്ജ്വല-
സ്വച്ഛവരാന്തയിൽ മൂടുന്നു ധൂളികൾ
നിശ്ചലമായിത്തണുത്തുപോയ്ത്തന്വിതൻ
നിശ്ശൂന്യമായ്ത്തീർന്നു പൂമച്ചഖിലവും!
വാതിൽക്കലൊക്കെയും കുന്നുകൂടീടുന്നു
വാടിക്കൊഴിഞ്ഞോരുണക്കിലച്ചാർത്തുകൾ!
പ്രേമാത്മകാശാവശനായനാരത-
മാ മനോജ്ഞാംഗിയെ ധ്യാനിച്ചുകൊണ്ടിദം,
കേണു വാഴുന്ന ഞാൻ ശാന്തിയിലെമ്മട്ടി-
ലാനയിച്ചീടുമെൻ സന്തപ്തമാനസം?

[മേൽപ്രസ്താവിച്ച കവിത, തന്റെ പ്രിയതമയായ ലി ഫ്യൂ-ജെൻ മരിച്ചപ്പോൾ വൂ-ടി എഴുതിയിട്ടുള്ളതാണ്. സങ്കടം സഹിക്കാൻ സാധിക്കാതെ അദ്ദേഹം ചൈനയിലെല്ലായിടങ്ങളിലുമുള്ള വിദ്വാന്മാ

രെ (Wizards) അളയച്ചു വരുത്തി. മരിച്ചുപോയ പത്നിയുടെ ആത്മാവുമായി ഇടപെടാൻ സാധിക്കുമാറ് അവർ തന്നെ ആക്കിത്തീക്കുമെന്നായിരുന്നു അദ്ദേഹത്തിൻെറ ആശ. ഒടുവിൽ അവരിലൊരാൾ രഞ്ജിയുടെ രൂപം ഒരു യവനികയിന്മേൽ ഉയന്നുനില്ക്കുമാറ് നിമ്മിച്ചുകൊടുത്തു. ചക്രവത്തി ഇങ്ങനെ വിലപിച്ചു.]

സഭ്രസം മുന്നിൽ വന്നുനിൽക്കും നീ
സത്യമോ, വെറും മിത്ഥ്യയോ?
നിന്മുന്നിലേവമെമ്മട്ടാകിലും
നിന്നെയും നോക്കി നിൽപ്പു ഞാൻ!
ലോലമാമൊരു പട്ടുസാരിതൻ
ചാലനസ്വപ്നവീചികൾ
വന്നണയുന്നു മന്ദമന്ദമെൻ
കണ്ണുയുഗ്മത്തിലോമലേ!
എത്രയെത്ര പത്തുക്കെയാണു നീ-
യെത്തിടുന്നതെന്നോമനേ!

വെള്ളപ്പൊക്കം

ചുററിച്ചുരുണ്ടുരുണ്ടു കോടക്കാർ മുററിമുററി-
പ്പുറെറ നിലച്ചു മഴയിററിയിററി!
മുററുമപ്പൊശകളും മേൽക്കുമേൽ മങ്ങിമങ്ങി-
ക്കുററാക്കൂററിരുട്ടെങ്ങും തിങ്ങി വിങ്ങി!
കപ്പനിരപ്പിയന്ന ഭൂമിക,ളിരച്ചാർത്തു
തപ്പിപ്പുളഞ്ഞൊഴുകും വൻപുഴയും!—
മുന്തിരിച്ചാറുണ്ടെ,നിക്കെന്നുമുന്നിൽ പതഞ്ഞ ന-
ന്മുന്തിരിച്ചാറുണ്ടെനിക്കെൻറ മുന്നിൽ!
മന്ദിരത്തിൻ കിഴക്കേ ജാലകസമീപത്തിൽ
മന്ദിതചേഷ്ടനായി കുടിച്ചിരിപ്പൂ.
അത്യന്തം കൊതിപൂണ്ടെൻതോഴരെക്കുറിച്ചു ഞാൻ
സദ്രസമോരോന്നോർത്തു സമുല്ലസിപ്പൂ!
എങ്കിലും,'വരുന്നീലാ വഞ്ചിയോ, വണ്ടിയോ, ഞാ-
നെൻകിളിവാതിലിങ്കൽ തനിച്ചിരിപ്പൂ!

—ത ൦ വോ ച്ചിൻ.

•

പുതിയ ധാന്യം

തിരിയെ വിളിക്കാൻ തരപ്പെടാതെ
തെരുതെരെപ്പായുന്നു വത്സരങ്ങൾ!
അനുപമരമ്യമാമീയുഷസ്സി-
ലനഘപ്രശാന്തമീ നിശ്ചലത്വം
മമ മെയ്യിലിന്നിളംചൂടു ചേർക്കും
ഹിമകാലവസ്ത്രം ധരിച്ചശേഷം
തനിയെ സന്ദർശിക്കുമക്കിഴക്കൻ
തണുവണിക്കുന്നിൻചെരിവുകളിൽ
അലയുന്നതുണ്ടൊരു മൂടൽമഞ്ഞാ
മലയോരപ്പൂഞ്ചോലയിങ്കലെങ്ങും.
ഒരു മാത്രമാത്രമതുല്ലസിപ്പൂ
മറയുന്നു പിന്നത്തെ മാത്രയിങ്കൽ
അണയുന്നു തെക്കുനിന്നാടിയാടി-
ത്തണുവുററതാമൊരു മന്ദവാതം.
പുണരുകയാണതു മന്ദമന്ദം
പുതുധാന്യം പൂത്ത വയലുകളെ!

—താ വോ ച്ചിൻ.

മധുരചിത്രങ്ങളിൽ

കർക്കടകമാസത്തിൽ തളിരിട്ടടിമുടി
പൊക്കത്തിൽ വളരുന്ന പുൽക്കൊടികൾ
ഇലമുററിത്തളിർമുററിത്തരുനിരച്ചില്ലക-
ളിളകുന്നെൻ ചെറുവീട്ടിൻ ചുററുപാട്ടം
ഒരു കൊച്ചുകിളിപോലുമതുമേവും സ്ഥാനത്തിൽ
മരുവുന്നീലതിമോദമാന്നിടാതെ.
അതുപോലിങ്ങിത ഞാനും പനയോലമേഞ്ഞൊരാ
സദനത്തെ സ്നേഹിപ്പു സാനന്ദമോദം. (രെൻ
ഉഴകിക്കഴിഞ്ഞു ഞാൻ വിതയുംകഴിച്ചു ഞാ-
നൊഴിവുണ്ടെനിക്കിനിയേറെനേരം—
ഇവിടെയിരുന്നോരോ പുസ്തകം വായിക്കാ-
നിനിയെനിക്കവസരമുണ്ടധികം.
അവിടെയിട്ടങ്ങിയോരാനടവഴിയിലി-
ല്ലവഗാഢമാളുന്ന കുഴികളൊന്നും.
തിരിയെ മടങ്ങുന്ന പലപൊഴുതുമാവഴി
പരിചിലിലെൻ തോഴർതൻ വാഹനങ്ങൾ.

ഹിമപാതകാലത്തെ മന്ത്രിരിച്ചാറു ഞാ–
നമിതോത്സവത്തിൽ പകന്നൊഴിപ്പൂ!
മതിമോദത്തൊട്ട ഞാനെൻതോട്ടത്തിൽ വളരുന്ന
'ലതയ്യൂസ്'പ്പഴമേറെപ്പിഴുതെടുപ്പൂ!
പരിചിൽപ്പത്തുങ്ങിപ്പത്തുങ്ങിക്കിഴക്കനി–
ന്നൊരുകൊച്ചുപൊടിമഴയാഗമിപ്പൂ.
പരിചരണോത്സുകയാകുമതിനെയതിമധുരമാ–
മൊരുകുളിർത്തെന്നലനുഗമിപ്പൂ.
സദ്രസം 'ചൗരാജ്'കഥതൻ തിരകളിൽ
തത്തുന്നെൻ ചിന്തകളലസമായി,
മലകൾതൻ കടൽകൾതൻ മധുരചിത്രങ്ങളി–
ലലകയാണലകയാണെൻമിഴികൾ!
ഒരു വെറും നോട്ടത്തിൽ കാണ്മൂ ഞാൻ നേരിട്ടു
വിരവിലീ വിശപത്തെയാകമാനം.
ഒരുനാളും ഭാഗ്യവാനല്ലേവം കുതുകങ്ങൾ
പരിതൃപ്തിയുൾത്താരിലേകിടാത്തോർ!

പവ്വതാരോഹണവേളയിൽ

നീലവിണ്ണമ്മവെച്ചാരാലുയന്നിതാ
ലാലസിക്കുന്നു 'കിഴക്കൻ കൊടുമുടി'
പാരം നിശ്ശബ്ദമായ് നിശ്ചലമായിതാ
പാറപ്പടപ്പിനിടയ്ക്കൊരു ഗഹ്വരം!
നിമ്മിതമല്ല, ശിലാശില്പചാതുയ്യ-
മമ്മപ്രകാശകമല്ലയിക്കന്ദരം.
നിഷ്ഫതമാണിതെപ്പോഴും പ്രകൃത്യംബ
തന്നിട്ടം മേചകമേഘലുമലാപ്പിനാൽ!
കഷ്ടമെൻ ജീവിതത്തിന്മേൽ തുടച്ചയാ-
യററമില്ലാതുള്ള ദുഃഖാന്തരങ്ങളെ
എത്തിച്ചിടുന്ന ദശകളേ, ചൊൽകെന്തു
വസ്തുക്കളാണയേ നീങ്ങളൃതുക്കളേ?
എന്നും വസിപ്പേൻ വസന്തഹേമന്തങ്ങൾ
ചുമ്മാതെ വന്നുപോമിക്കന്ദരത്തിൽ ഞാൻ!

—താകാ—യ്യൂൺ.

കപ്പലിൽ

വാഴതൊന്നുമില്ലാതൊരായിരമടിപൊങ്ങി-
പ്പുരിലസിച്ചീടുന്ന പാറകളേ!
ഒരു കൊച്ചുതിരപോലുമിളകീടാതങ്ങനെ
മരുവുമസീമജലാശയമേ!
കലരാതെ കരിനിഴൽപ്പൊടിപോലുമെന്നെന്നും
വെളുവെളെ മിന്നും മണൽപ്പുറമേ!
മഴയത്തും വെയിലത്തുമൊരു മാററമില്ലാത്ത
മരതകപ്പച്ചപ്പുയിനുകളേ!
ഒരു തട്ടവില്ലാതിരച്ചാർത്തു തെരുതെരെ
തിരതല്ലിപ്പായുന്നോരരുവികളേ!
ശതവഷശതയുഗകാലമായ് തങ്ങൾതൻ
ശപഥങ്ങൾ കാക്കുന്ന വിടപികളേ!
നിരുപിച്ചിരിക്കാതെ നിമിഷത്തിൽ നിങ്ങളി-
ന്നൊരു പാന്ഥഹൃത്തിലെ വേദനയെ,
കഴകിക്കളഞ്ഞെടുപ്പിച്ചിതൊരു പുത്തൻ
കവിതയെഴുതാൻ തൻതൂലികയെ!

— ചാൻ ഫാങ് ഷെൻങ്.

ഒരു വിലാപം

[ബി. സി. 110-നോടടുപ്പിച്ച രാഷ്ട്രീയമായ ചില കാരണങ്ങളാൽ മദ്ധ്യേഷ്യയിൽ വൂസുൺകാരുടെ രാജാവായ കുൺമൊ എന്ന Nomad രാജാവിന്റെ ഭാര്യയാകുവാൻവേണ്ടി ഹ്സി-ച്യൂൺ എന്ന ഒരു ചൈനീസ് രാജകുമാരി അയയ്ക്കപ്പെട്ടു. അവൾ അവിടെച്ചെന്നപ്പോൾ തന്റെ ഭർത്താവായി വൃദ്ധനും ചാവാലിയുമായ ഒരാളെയാണു് അവിടെ കണ്ടതു്. അയാൾ കൊല്ലത്തിൽ ഒന്നോ രണ്ടോ പ്രാവശ്യം, അവർ ഒന്നിച്ചിരുന്നു് ഒരു കോപ്പ വൈൻ കുടിച്ചപ്പോൾ മാത്രമേ അവളെ കണ്ടിരുന്നുള്ളു. അവർക്കു തമ്മിൽ പൊതുവായി ഒരു ഭാഷ ഇല്ലാതിരുന്നതിനാൽ അവർക്കു് അന്യോന്യം സംഭാഷണം നടത്താൻ സാധിച്ചിരുന്നില്ല.]

മന്നിലകന്നൊരരിക്കോണിലെൻ ബന്ധുക്ക-
ളെന്നെപ്പരിണയംചെയ്തു നൽകി.
കേട്ടിട്ടില്ലാത്ത വിചിത്രമായുള്ളൊരു
കാട്ടിലേയ്ക്കെന്നെപ്പറഞ്ഞയച്ചു.
ഹാ, കഷ്ടം, 'വൂസുൺ'കാർതൻ നൃപനായിട-
മേകനായ് തീറുകൊടുത്തിതെന്നെ.

കേവലമിന്നൊരു കൂടാരം മാത്രമാ-
ണാവസിക്കാനെനിക്കുള്ള ഗേഹം.
ചർമ്മച്ചുരുളിനാലാണിച്ചുരുളുകൾ
നിർമ്മിച്ചിട്ടുള്ളതെൻ പുറവുപാട്ടം.
കഷ്ടം, കുടിക്കുവാനശ്വത്തിൻ ദുഗ്ദ്ധമാ-
ണഷ്ടിക്കോ, ഹാ, വെറും പച്ചമാംസം.
ജന്മദേശത്തെയോർത്തപ്പൊഴമീവിധ-
മെന്മനം നോവുന്നിതെന്തുചെയ്യാം!
മന്മനം നീറുന്നു!—ഹാ കഷ്ടം! ഞാനൊരു
മഞ്ഞക്കിളിയായി മാറിയെങ്കിൽ
പക്ഷപുടങ്ങളടിച്ചടിച്ചെൻവീട്ടി-
ലിക്ഷണമെത്താൻ കഴിഞ്ഞുവെങ്കിൽ!

ചങ്ങമ്പുഴയുടെ കൃതികൾ

	ക.	നപ.
രമണൻ	1	50
ദേവഗീത	2	25
സ്പന്ദിക്കുന്ന അസ്ഥിമാടം	2	25
അപരാധികൾ	1	00
ദിവ്യഗീതം	1	50
ഓണപ്പൂക്കൾ	1	00
ബാഷ്പാഞ്ജലി	1	50
രക്തപുഷ്പങ്ങൾ	1	25
സങ്കല്പകാന്തി	1	25
ആകാശഗംഗ	1	00
കളിത്തോഴി	2	50
വത്സല	0	50
ആരാധകൻ	0	50
മോഹിനി	0	50
ദേവത	0	50
തിലോത്തമ	0	50
കലാകേളി	0	75
ശ്രീതിലകം	1	00
ചൂഡാമണി	1	00
കരടി	0	50
വിവാഹാലോചന	0	50
അനശ്വരഗാനം	0	50
യവനിക	1	50
ഹേമന്തചന്ദ്രിക	1	50
സാഹിത്യചിന്തകൾ	1	00
നിർവൃതി	0	50
ദേവയാനി	0	50
മഞ്ഞക്കിളികൾ	1	00

(മറുപുറം)

ചങ്ങമ്പുഴക്കൃതികൾ (തുടർച്ച)

	ക.	നപ.
കല്ലോലമാല	1	25
മൗനഗാനം	1	00
നിർവ്വാണമണ്ഡലം	0	75
അസ്ഥിയുടെ പൂക്കൾ	0	75
പാടുന്ന പിശാച്	1	50
മദിരോത്സവം	2	00
സ്വരരാഗസുധ	1	50
ഉദ്യാനലക്ഷ്മി	1	25
മണിവീണ	1	00
മാനസേശ്വരി	0	37
മയൂഖമാല	0	56
സുധാംഗദ	1	00
അമൃതവീചി	0	75
പെല്ലീസും മെലിസാന്ദയും	1	50
മാനസാന്തരം	1	50
പ്രതികാരദുർഗ്ഗ	2	50
കഥാരത്നമാലിക	1	12
നീറുന്ന തീച്ചൂള	1	00
തളിർത്തൊത്തുകൾ	1	00
രാഗപരാഗം	1	00
ഹനേലെ	1	50
നർത്തകി	0	50
ശ്മശാനത്തിലെ തുളസി	0	75
പൂനിലാവിൽ	1	50
ഇടപ്പള്ളി രാഘവൻപിള്ളയുടെ എല്ലാ കൃതികളുംകൂടി ഒരു വാല്യത്തിൽ	5	00
നവഭാവന (ശ്രീദേവി ചങ്ങമ്പുഴ)	0	50
വസന്തോത്സവം	0	75
ശിഥിലഹൃദയം (ചെറുകഥകൾ)	1	00

മംഗളോദയം (പ്രൈവററ്) ലിമിററഡ്, തൃശ്ശിവപേരൂർ.

മഞ്ഞക്കിളികൾ

ചങ്ങമ്പുഴ

3988
3367